ശ്രദ്ധക്ഷണിക്കൽ

(1) <u>കാത്തലിക് സിറിയൻ ബാങ്കിന്റെ ജനദ്രോഹ നടപടികൾ</u>

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, കേരളത്തിൽത്തന്നെ നന്നെപഴക്കമുള്ളതും നൂറിലധികം വർഷത്തെ പാരമ്പര്യമുള്ളതുമായ കാത്തലിക് സിറിയൻ ബാങ്ക് കാത്തലിക്കൻ വിഭാഗത്തിന് നിർണ്ണായക സ്വാധീനമുണ്ടായിരുന്ന ഒരു സ്ഥാപനമായിരുന്നു. ആഗോളവത്ക്കരണത്തിന്റെ പിൻബലത്താൽ തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സി.എസ്.ബി. (Catholic Syrian Bank) -യുടെ 51 ശതമാനം ഓഹരികൾ തങ്ങളുടെ കൈവശമുണ്ടെന്ന ധിക്കാരത്താൽ ഫെയർഫാക്സ് (FairFax) എന്ന കനേഡിയൻ കമ്പനിയുടെ നേതൃത്വത്തിൽ ബാങ്കിന്റെ ഭരണസമിതി കടുത്ത രൂപത്തിലുള്ള ജനവിരുദ്ധ, തൊഴിലാളി വിരുദ്ധ നടപടികളെടുത്തുകൊണ്ടിരിക്കുകയാണ്. റിസർവ് ബാങ്കിന്റെയും ഇന്ത്യൻ ബാങ്കുകളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമായി ചരിത്രത്തിലാദ്യമായാണ് ഒരു ബാങ്കിന്റെ ഭൂരിപക്ഷം വാങ്ങുന്നതിന് ഒരു വിദേശ കമ്പനിക്ക് അനുവാദം ലഭ്യമാകുന്നത്. പ്രസ്തുത കനേഡിയൻ കമ്പനി ഏതെങ്കിലും ബാങ്കിംഗ് സ്ഥാപനം നടത്തി പരിചയമുള്ളവരല്ല. അവർ വെറുമൊരു ഇൻവെസ്റ്റ്മെന്റ് കമ്പനി മാത്രമാണ്. അവസരം കിട്ടിയാൽ മറിച്ച്

വിൽക്കാനും അതല്ലെങ്കിൽ മറ്റു സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തിക്കൊണ്ട് ലാഭം തട്ടിയെടുക്കാനുമുള്ള ശ്രമത്തിൽ മാത്രമാണ് ഇവർ ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെയും ആർ.ബി.ഐ. (Reserve Bank of India)-യുടെയും ഒത്താശയോടെ നമ്മുടെ സമ്പത്താകെ തട്ടിയെടുക്കുന്ന നേരിട്ടുള്ള അനുഭവമാണ് സി.എസ്.ബി.യിൽ കാണുന്നത്. വലിയ മാറ്റങ്ങളാണ് ബാങ്ക് നടത്തിയത്, ബാങ്കിന്റെ തലപ്പത്തുള്ള 20 തസ്തികകളിൽ നിലവിലുണ്ടായിരുന്ന ഒരാൾപോലും ഇപ്പോഴില്ല. മറ്റ് സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും വലിയ ആനുകൂല്യം കൊടുത്തുകൊണ്ട് മാനേജ്മെന്റ് അവിടെ ആളുകളെ പ്രതിഷ്ഠിച്ചിരിക്കുകയാണ്. ബാങ്കിന്റെ ചരിത്രമോ സംസ്കാരമോ അറിയാവുന്ന ഒരാൾപോലും ഇന്ന് ബാങ്ക് മാനേജ്മെന്റിനകത്തില്ല. സി.എസ്.ബി. ഒരു ന്യൂജനറേഷൻ ബാങ്കായിത്തീർന്നതോടെ അതിന്റെ ജനകീയ സ്വഭാവം തീരെമാറിയിരിക്കുകയാണ്. അവിടെ എസ്.ബി. അക്കൗണ്ടിന്റെ ആദ്യ നിക്ഷേപത്തിന് 10000 രൂപ വേണമെന്ന് നിർബന്ധിക്കപ്പെടുകയാണ്. അക്കൗണ്ടിൽ മുപ്പതിനായിരം രൂപ ആവറേജ് ബാലൻസുള്ളവരെ മാത്രമെ അക്കൗണ്ടുള്ളവരായി കാണാൻ ഉദ്ദേശിക്കുന്നുള്ളൂ. അത്തരം ബാങ്ക് ബാലൻസ്

സൂക്ഷിക്കാത്തവരെ useless customers എന്നാണ് അവരുടെ അധികാര ഭാഷയിൽ പറയുന്നത്. അവിടെ SB account, current account എന്നിവയ്ക്ക് മാത്രമെ മുൻഗണന നൽകുന്നുള്ളൂ. ഡെപ്പോസിറ്റുകൾക്ക് മുൻഗണന കൊടുക്കുന്നില്ല. പലിശകൊടുക്കാൻ ഞങ്ങൾ തയ്യാറാല്ലെന്ന സമീപനമാണ് ബാങ്ക് എടുത്തുകൊണ്ടിരിക്കുന്നത്. വായ്പാ നയത്തിലും വലിയ മാറ്റം വരുത്തി. ചെറുകിടക്കാരുടെ വായ്പ കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ എന്നിവ തീരെ നല്കുന്നില്ല. ഭവന വായ്പ എച്ച്.ഡി.എഫ്.സി.ലേയ്ക്ക് റഫർചെയ്തുകൊണ്ട് അവർ കമ്മീഷൻ വാങ്ങുകയാണ്. ബിസിനസ്സ് വായ്പ നിലവിൽ പുതുക്കി നൽകുന്നില്ല. കോർപ്പറേറ്റ് വായ്പയ്ക്കാണ് താല്പര്യം. കോർപ്പറേറ്റ് വായ്പതന്നെ നല്കുന്നത് മഹാഭൂരിപക്ഷവും കേരളത്തിന് പുറത്തേയ്ക്കാണ്. ബാങ്ക് നിക്ഷേപത്തിന്റെ 70 ശതമാനവും കേരളത്തിലാണെന്ന് കാണണം. തൊഴിലാളികൾക്കെതിരെയും കടുത്ത ആക്രമണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു മര്യാദയും അവർ പാലിക്കുന്നില്ല. ലോക്ഡൗൺ കാലത്ത് ജീവനക്കാർക്ക് വേതനം നല്കിയിട്ടില്ല. വിരമിക്കൽ പ്രായം ഏകപക്ഷീയമായി നടപ്പിലാക്കി. 3000 പേരെ കരാർ-ദിവസവേതനാടിസ്ഥാനത്തിൽ നിശ്ചയിച്ചു. അവരെക്കൊണ്ട്

അടിമപ്പണി ചെയ്യിപ്പിക്കുകയാണ്. ഈ സാഹചര്യത്തിൽ 1990-കളിൽ തായ്‌ലന്റ് ആസ്ഥാനമായി ചൗളഗ്രൂപ്പ് ബാങ്ക് കൈകടത്താൻ ശ്രമിച്ചപ്പോൾ തൃശ്ശൂർ ബിഷപ്പും അവിടത്തെ പൗരാവലിയും ട്രേഡ് യൂണിയൻ പ്രസ്ഥാനവുമൊക്കെ പരാജയപ്പെടുത്തിയ സ്ഥാനത്താണ് പന്ത്രണ്ടായിരം കോടി രൂപമുടക്കിക്കൊണ്ട് മുപ്പത്തി അയ്യായിരം കോടി രൂപയുടെ ആസ്തി ഇന്ന് ഇവർ കയ്യടക്കിക്കൊണ്ടിരിക്കുന്നത്. ഇതിനെതിരായി ഈ ബാങ്കിലെ ജീവനക്കാർ ഒറ്റക്കെട്ടായി പ്രക്ഷോഭത്തിലാണ്. വരുന്ന 21-ാം തീയതി കേരളത്തിലെ മുഴുവൻ ബാങ്കിംഗ് മേഖലയും സ്തംഭിക്കാൻ പോകുകയാണ്. ഒറ്റക്കെട്ടായി പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുന്ന ഈ അവസരത്തിൽ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് സർക്കാർ ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ):സർ, കേരളത്തിലെ ഏറ്റവും പഴക്കംചെന്ന സ്വകാര്യ ഷെഡ്യൂൾഡ് ബാങ്കായ കാത്തലിക് സിറിയൻ ബാങ്കുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. ജനങ്ങളെ പൊതുവിലും തൊഴലിലാളികള പ്രത്യേകിച്ചും ബാധിക്കുന്ന ചില പ്രശ്നങ്ങൾ സർക്കാരിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് തൊഴിലാളി സംഘടനകൾ സർക്കാരിന് നിവേദനം നല്കിയിട്ടുണ്ട്. കൂടാതെ മാധ്യമ റിപ്പോർട്ടുകളിലൂടെയും ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ നയമനുസരിച്ച് സ്വകാര്യ ഷെഡ്യൂൾഡ് ബാങ്കുകളുടെ 74 ശതമാനം ഓഹരികൾ വിദേശ നിക്ഷേപകർക്ക് വാങ്ങാൻ കഴിയും. ഷെഡ്യൂൾഡ് ബാങ്കുകൾ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളായതിനാൽ ഈ വിഷയത്തിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. എങ്കിലും ഈ പ്രശ്നത്തിൽ ഇടപെടാൻ പരമാവധി സംസ്ഥാന സർക്കാർ മുൻകയ്യെടുക്കുന്നതായിരിക്കും.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ട് സർക്കാർ ഇക്കാര്യത്തിൽ ഇടപെടണം. ഈ വിഷയത്തെ സംബന്ധിച്ച് മാനേജ്മെന്റുമായി ചർച്ച നടത്താൻ സർക്കാർ തയ്യാറാകണം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, തീർച്ചയായും ഈ പ്രശ്നത്തെ സംബന്ധിച്ച് മാനേജ്മെന്റുമായി ചർച്ച നടത്തുന്നതാണ്. എന്നുമാത്രമല്ല 35000-ത്തോളം കോടി രൂപ നിക്ഷേപമുള്ള ബാങ്കാണ് കാത്തലിക് സിറിയൻ ബാങ്ക്. അതിന്റെ പൊതുവായ ധനകാര്യസ്ഥിതിയൊക്കെ

ഗൗരവമായുള്ള കാര്യമാണ്. അതുകൊണ്ട് അക്കാര്യത്തിൽ ഇടപെടുകയും മാനേജ്മെന്റുമായി ചർച്ച നടത്തുകയും ചെയ്യുന്നതാണ്.

(2) മറൈൻ ആംബുലൻസ് ശക്തിപ്പെടുത്തലും മത്സ്യത്തൊഴിലാളികൾക്ക് അദാലത്ത് സംഘടിപ്പിക്കലും

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിലെ തീരദേശങ്ങളിലുള്ള മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതങ്ങളാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. മാതൃഭൂമി ദിനപ്പത്രം കഴിഞ്ഞ 5 ദിവസമായി 'അടങ്ങാത്ത തിര -ഒടുങ്ങാത്ത ദുരിതം' എന്ന് ശ്രീ. പി. എസ്. ഷാഹിം ഒരു പരമ്പരതന്നെ എഴുതിയിരുന്നു. 590 കി.മീ. ദൂരത്തിൽ മഞ്ചേശ്വരം - ഹൊസബെട്ടു ഗ്രാമം മുതൽ പാറശ്ശാലയിലെ കൊല്ലംകോട്ടെ പൊഴിയൂർ ഗ്രാമം വരെയുള്ള മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഡിസംബർ ആകുമ്പോൾ കൂടുതൽ പ്രതിസന്ധികളുണ്ടാകുകയാണ്. 2010-ലെ യു.എൻ. ഘടകമായ United Nations Environment Programme-നായി പഠനം നടത്തിയ അമേരിക്കയിലെ ഗ്രീൻ ഇക്കോണമി ഇനിഷിയേറ്റീവ് മേധാവി Dr. Pavan Sukhdev പറയുന്നത് 40 വർഷംകഴിയുമ്പോൾ ഭക്ഷ്യയോഗ്യമായ മത്സ്യങ്ങൾ ഉണ്ടാകില്ലായെന്നാണ്. അതിഗുരുതരമായ

സാഹചര്യങ്ങളാണ് കടലിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കേരളം ഇന്ന് നിരവധി അപകടങ്ങളെ നേരിടുകയുണ്ടായി. കടലമ്മയെ വിശ്വസിക്കാമെന്നായിരുന്നു പഴയ വിശ്വാസം. എന്നാൽ ഇന്ന് കടലിനെ വിശ്വസിക്കാൻ കഴിയാത്ത അവസ്ഥയാണ്. 2004-ലെ സുനാമി, 2021-ലെ ടൗട്ടെ ചുഴലിക്കാറ്റ്, 2017-ലെ ഓഖി ദുരന്തം, ഇറ്റാലിയൻ കപ്പൽ കടൽകൊള്ളക്കാർ ആയ Enrica Lexie-യിലെ നാവികന്മാർ മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്ന സംഭവം ഇങ്ങനെ ഗുരുതരമായ പ്രതിസന്ധി നേരിട്ട കാലമാണിത്. കാലാവസ്ഥാ വ്യതിയാനം വലിയൊരു പ്രശ്നമാണ്. 63 ശതമാനം തീരശോഷണം സംഭവിച്ചുകഴിഞ്ഞിരിക്കുകയാണ്. National Centre for Coastal Research (NCCR) 2016-ലെ റിപ്പോർട്ടിൽ പറയുന്നത് 263 കി.മീ. ദൂരം തീരശോഷണം സംഭവിച്ചു എന്നാണ്. എന്റെ നിയോജകമണ്ഡലത്തിലെ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ എന്നീ പഞ്ചായത്തുകൾ അനുദിനം തീരശോഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. മത്സ്യത്തൊഴിലാളികളുടെ പ്രശ്നം കടലിൽ മത്സ്യമില്ല എന്നതാണ്. അതുപോലെതന്നെ വലിയ ട്രോളറുകൾവന്ന് അരിച്ചുപെറുക്കുന്നതുമൂലം മത്സ്യത്തൊഴിലാളികൾ പട്ടിണിയിലും ദുരിതത്തിലേയ്ക്കും എത്തിച്ചേരാനുള്ള

അവസ്ഥയുണ്ടാകുന്നു. എന്റെ നിയോജകമണ്ഡലത്തിൽനിന്ന് മത്സ്യബന്ധനത്തിന് പോയ 4 മത്സ്യത്തൊഴിലാളികൾ 'ഓംകാരം' എന്ന വള്ളം തിരമാലയിൽപ്പെട്ട് മറിഞ്ഞതിനെത്തുടർന്ന് മരണപ്പെടുകയുണ്ടായി. ആറാട്ടുപുഴ സ്വദേശികളായ സുനിൽ ദത്ത്, സുദേവൻ, തങ്കപ്പൻ, ശ്രീകുമാർ എന്നീ മത്സ്യത്തൊഴിലാളികളാണ് അപകടത്തിൽ മരിച്ചത്. 16 മത്സ്യത്തൊഴിലാളികളാണ് വള്ളത്തിലുണ്ടായിരുന്നത്. ചിലർക്ക് നീന്തിരക്ഷപ്പെടാൻ കഴിഞ്ഞു. അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 10 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. അക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരിഗണനയിലാണ്. അത് അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾ സഹായം അഭ്യർത്ഥിച്ച് ഹാർബറിലെ പോലീസ് പട്രോളിംഗിനെ വിളിച്ചു. വയർലെസ്കോഡ് പതിനൊന്നിലെ ഓപ്പറേറ്റർമാർ മൈക്ക് എടുത്തില്ലെന്ന് തൊഴിലാളികൾ പരാതി ഉന്നയിക്കുന്നു. ഹാർബറിൽനിന്ന് ഒരു നോട്ടിക്കൽ മൈൽ ദൂരത്തിലാണ് അപകടം സംഭവിച്ചത്. ക്യാരിയർ വള്ളങ്ങളും മത്സ്യബന്ധനത്തിന് ഏർപ്പെട്ടിരുന്ന മത്സ്യത്തൊഴിലാളികളും സംഭവസ്ഥലത്ത് എത്തിയതുകൊണ്ടാണ്

രക്ഷപ്പെട്ടത്. മത്സ്യത്തൊഴിലാളികൾക്ക് അപകടമുണ്ടാകുമ്പോൾ അവരെ രക്ഷിക്കാനുള്ള യാതൊരു സാങ്കേതിക സംവിധാനവും നിലവിലില്ല. ഫിഷറീസ് വകുപ്പ് വാടകയ്ക്കെടുത്ത ഇവിടത്തെ ഹാർബറിൽ നങ്കൂരമിട്ടിരിക്കുന്ന ബോട്ടിൽ വിദഗ്ദ്ധരായ ജീവനക്കാരോ സാങ്കേതിക ഉപകരണങ്ങളോ ഇല്ല. മാത്രമല്ല, യന്ത്രത്തകരാർ കാരണം കരയ്ക്ക് അടുപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പോലീസ് പട്രോളിംഗ് ബോട്ടിനെ വിവരം അറിയിച്ചാലും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ അനുവാദമുണ്ടെങ്കിൽ മാത്രമെ അവർ വരികയുള്ളൂയെന്നുള്ളത് മുടന്തൻ ന്യായമാണ്. മറൈൻ ആംബുലൻസ് സംവിധാനങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ അവരെ രക്ഷിക്കാൻ കഴിയുമായിരുന്നു. മത്സ്യബന്ധനമാണ് ഇവരുടെ പ്രധാന ഉപജീവനം. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന നൂറുകണക്കിന് വള്ളങ്ങളും ചെറുഫിഷ് ബോട്ടുകളും ഇവിടെയുണ്ട്. മത്സ്യബന്ധന വകുപ്പിന്റെ ഇൻഷ്വറൻസ് ക്ഷേമനിധി ആനുകൂല്യങ്ങൾക്കായി പേര് കൃത്യമായി രജിസ്റ്റർ ചെയ്യുന്ന കാര്യത്തിൽ പലരും വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല. അജ്ഞതയാണ് ഒന്നാമത്തെ കാരണം. അപകടങ്ങൾ നടക്കുന്ന സമയത്ത് ഇത്തരത്തിലുള്ള വിഷയങ്ങൾ പ്രതിസന്ധി

സൃഷ്ടിക്കുന്നുണ്ട്. മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അർഹമായ ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ നല്കുന്നതിനും തകർന്ന വള്ളങ്ങളുടെയും ഫിഷ് ബോട്ടുകളുടെയും നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. നാല് കാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. പുനർഗേഹം പദ്ധതിയിൻകീഴിൽ അനുവദിക്കുന്ന തുക 25 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണം. ഇപ്പോൾ നൽകിവരുന്ന 10 ലക്ഷം രൂപ അപര്യാപ്തമാണ്. മത്സ്യക്കയറ്റുമതി പ്രകാരം ലഭിക്കുന്ന തുകയുടെ 10 ശതമാനം മത്സ്യത്തൊഴിലാളികളുടെ വികസനത്തിനുവേണ്ടി വിനിയോഗിക്കണം. മത്സ്യബന്ധനത്തിനിടെ ഹൃദയാഘാതംമൂലം മരിക്കുന്നവരുടെ കുടുംബങ്ങൾക്ക് ആനുകൂല്യം നൽകണം. മത്സ്യത്തൊഴിലാളികളുടെ സമ്പൂർണ്ണ ഇൻഷ്വറൻസ് പ്രീമിയം സർക്കാർ അടയ്ക്കണം. മത്സ്യത്തൊഴിലാളികൾക്ക് ഇന്ധന സബ്സിഡി ലഭ്യമാക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 100 കോടി രൂപ ഇതിനുവേണ്ടി മാറ്റിവച്ചിരുന്നു. മണ്ണെണ്ണ ബങ്കുകൾ തുടങ്ങുകയും അവർക്ക് ഇന്ധന സബ്സിഡി നല്കുകയും ചെയ്തിരുന്നത് ഇപ്പോൾ നിർത്തലാക്കിയിരിക്കുന്നു.

പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ഇൻസെന്റീവ് നല്കണം. കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ-സാമ്പത്തിക സ്ഥിതിയെപ്പറ്റി പഠനം നടത്തണം. ഈ മേഖല ആകെ ദുരിതത്തിലാണ്. എല്ലാദിവസവും warning നൽകുന്നതുകാരണം ആർക്കും കടലിൽ പോകാൻ കഴിയുന്നില്ല. ഓഖിക്കുശേഷം എല്ലാദിവസവും warning വരുന്നതുകൊണ്ട് കടലിൽ പോകാൻ കഴിയാതെ തീരദേശം പട്ടിണിയിലും ദുരിതത്തിലുമാണ്. വളരെയധികം പ്രയാസങ്ങൾ നേരിടുകയുമാണ്. ഇത് പരിഹരിക്കുന്നതിന് അടിയന്തരമായ നടപടികൾ കൈക്കൊള്ളണമെന്ന് ഫിഷറീസ് വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതെല്ലാം വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ തന്നെയാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ വള്ളത്തിലുണ്ടായ അപകടത്തിൽ നാല് ആളുകൾ മരണപ്പെട്ടു. അതിന്റെയെല്ലാം വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. അപകട സന്ദർഭത്തിൽ സമയോചിതമായി ഇടപെട്ടുവെന്നാണ് എനിക്ക് പറയാനുള്ളത്. തോട്ടപ്പള്ളി കോസ്റ്റൽ പോലീസിന്റെ പെട്രോൾ ബോട്ട്,

സ്പീഡ് ബോട്ട്, ഫിഷറീസ് വകുപ്പിന്റെ ആലപ്പുഴ ജില്ല പെട്രോൾ ബോട്ട് എന്നിവയാണ് വലിയഴീക്കൽ മേഖലയിലെ രക്ഷാപ്രവർത്തനത്തിനും പട്രോളിംഗിനുമായുള്ളത്. ഫിഷറീസ് ബോട്ട് 02.09.2021 രാവിലെ 06.50-ന് മനോജ് വാര്യന്തറ, തോട്ടപ്പള്ളി എന്നയാളുടെ ഉടമസ്ഥതയിലുള്ള 'മണിക്കുട്ടി' എന്ന ബോട്ട് എട്ട് തൊഴിലാളികളുമായി N9 13 E76 16 എന്നീ പൊസിഷനിൽ അപകടത്തിൽപ്പെട്ടതിനാൽ അവരെ കണ്ടെത്തുന്നതിനായി സഹായ അഭ്യർത്ഥന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ രക്ഷാപ്രവർത്തനത്തിന് പോയ സന്ദർഭത്തിൽ 16 നോട്ടിക്കൽ മൈൽ ഉള്ളിലായിരുന്ന ഈ അപകടവിവരം അറിഞ്ഞത്. കൺട്രോൾ റൂമിൽനിന്ന് അറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ അപ്പോൾതന്നെ അവിടെയുണ്ടായിരുന്ന മത്സ്യത്തൊഴിലാളികളെയും മറ്റ് സംവിധാനങ്ങളും ഉപയോഗിച്ച് ആവശ്യമായ കാര്യങ്ങൾ ചെയ്യുകയുണ്ടായി. അങ്ങ് പറഞ്ഞതുപോലെ 16 നോട്ടിക്കൽ മൈൽ ഉള്ളിൽ അപകടമുണ്ടായതുകൊണ്ട് പോയ ബോട്ട് ഈ സമയത്ത് ഇവിടെ എത്താൻ കഴിഞ്ഞില്ല. വലിയഴീക്കൽ തോട്ടപ്പള്ളി മേഖലയിൽ, കോസ്റ്റൽ മേഖലയിൽ അപകടമുണ്ടായാൽ അത് കൈകാര്യം ചെയ്യാനുള്ള സംവിധാനം ഇപ്പോൾ സർക്കാരിനുണ്ട് എന്ന കാര്യം ഞാൻ

പറയാൻ ആഗ്രഹിക്കുകയാണ്. ഇവർക്കുള്ള സാമ്പത്തികസഹായം സംബന്ധിച്ച് ഞാൻ കഴിഞ്ഞദിവസം പറഞ്ഞിരുന്നു. അപകടമുണ്ടായികഴിഞ്ഞാൽ ഇൻഷ്വറൻസ് മുഖേന 20 ലക്ഷം രൂപ ഇവർക്ക് കൊടുക്കുന്നതാണ് കീഴ്‌വഴക്കം. ദൗർഭാഗ്യവശാൽ അപകടത്തിൽപ്പെട്ടവരിൽ മൂന്ന് ആളുകൾക്ക് ഇത്തരത്തിലുള്ള ഇൻഷ്വറൻസ് സംവിധാനമില്ല. അതിലൊരാളുടെ കുടുംബത്തിന് മാത്രം പത്ത് ലക്ഷം രൂപ ലഭിച്ചു. ബാക്കി മൂന്ന് ആളുകൾക്ക് സർക്കാരിൽനിന്ന് മറ്റൊരു തരത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം നൽകണമെന്നാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടിട്ടുള്ളത്. മുഖ്യമന്ത്രിയുടെ ഓഫീസിലേയ്ക്ക് കത്ത് അയച്ചിട്ടുണ്ട്. പ്രശ്നം എന്താണെന്ന് വച്ചാൽ ഓഖി ഒഴിച്ചുള്ള ഒരു കാലത്തും ഇങ്ങനെ പണം കൊടുത്തതായി പ്രീസിഡന്റില്ല. അതുകൊണ്ട് അത് പ്രത്യേകമായി പരിഗണിക്കാൻ കഴിയുന്ന കേസായി എടുത്തെങ്കിൽ മാത്രമേ നമുക്ക് എന്തെങ്കിലും ചെയ്യാൻ കഴിയൂ എന്ന കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്നാൽ ഈ കുടുംബത്തിന്റെ കാര്യം അദ്ദേഹം ഇവിടെ വിശദീകരിച്ചത് വളരെ പ്രധാനമാണ്. അതിനാവശ്യമായ ധനസഹായം ചെയ്യേണ്ടതാണെന്നുള്ള കാര്യത്തിൽ സംശയമില്ല. അദ്ദേഹം

ഉന്നയിച്ച മറ്റൊരു കാര്യം ഇൻഷ്വറൻസ് സംബന്ധിച്ചുള്ള ഒരു പ്രശ്നമാണ്. ഇപ്പോൾ തൊണ്ണൂറ് ശതമാനം തുക സർക്കാരാണ് അടയ്ക്കുന്നത്. പത്തുശതമാനം മാത്രമാണ് മത്സ്യത്തൊഴിലാളികളിൽ നിന്ന് നമ്മൾ വാങ്ങുന്നത്. സാമ്പത്തികമായി ബുദ്ധിമുട്ടും പ്രയാസവുമുള്ള ഒരു കാലമായതുകൊണ്ട് നൂറുശതമാനം തുക കൊടുക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. പക്ഷേ നൂറ് ശതമാനം കൊടുത്താൽ അദ്ദേഹം ഉന്നയിച്ചതുപോലെ എല്ലാവരും ഇൻഷ്വറൻസ് ക്ലെയിമിന്റെ പരിധിയിലേയ്ക്ക് വരാൻ തയ്യാറാകുന്നില്ല എന്നതാണ് ഇപ്പോൾ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നം. അക്കാര്യം പരിഗണിക്കാവുന്നതാണ്. 'പുനർഗേഹം' പദ്ധതിയിൽ പത്തുലക്ഷം രൂപയാണ് ഇപ്പോൾ കൊടുക്കുന്നത്. ആ തുക കൊണ്ട് നല്ല വീട് നിർമ്മിക്കാം. അതിന് യാതൊരുവിധ പ്രശ്നവുമില്ല; നമുക്ക് സ്ഥലം ലഭിക്കാത്തതാണ് പ്രശ്നം. തീരത്തുനിന്നും വളരെ ദൂരത്തുപോയി വീട് പണിതുകൊടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് പരമാവധി ശ്രമിക്കുന്നുണ്ട്. സ്ഥലം ലഭ്യമായാൽ അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പിന്നീട് അദ്ദേഹം പറഞ്ഞത് ഹൃദയാഘാതംമൂലമുള്ള മരണത്തെക്കുറിച്ചാണ്. അത്തരത്തിലുള്ള ചില പ്രശ്നങ്ങൾ പരിഗണിക്കേണ്ട വിഷയമാണ്, അത്

നമുക്ക് ആലോചിക്കാവുന്നതാണ്. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളിക്കാവശ്യമായ ഇന്ധനത്തിന്റെ സബ്സിഡി ഇപ്പോഴും നൽകിവരുന്നുണ്ട്. അങ്ങ് തെറ്റിദ്ധാരണകൊണ്ട് പറഞ്ഞതാണ്. അത് പൂർണ്ണമായും ഒഴിവാക്കി കൊടുക്കാൻവേണ്ടി കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ചു. കേന്ദ്രമന്ത്രിമാരടക്കം ഈ വിഷയം സംസാരിച്ചെങ്കിലും കേന്ദ്രഗവൺമെന്റ് ഒരു നോഡൽ ഏജൻസിയായി നമ്മളെ അംഗീകരിക്കുന്നില്ല. ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് യോഗങ്ങൾ വിളിച്ചു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പൂർണ്ണമായും സൗജന്യമായി മണ്ണെണ്ണ കൊടുക്കാൻവേണ്ടി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ നടപ്പാക്കാൻ മത്സ്യഫെഡിനെ ഒരു ഹോൾസെയിൽ ഏജന്റായി അവർ അംഗീകരിക്കുന്നില്ലയെന്നതാണ് പ്രശ്നം. അത് പരിഹരിക്കാൻവേണ്ടിയുള്ള ഇടപെടൽ നടത്തുമെന്ന കാര്യം പ്രത്യേകിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. കടലുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് പൊതുവെ അദ്ദേഹം ഉന്നയിച്ചത്. അത് എനിക്കും അങ്ങേയ്ക്കും അറിയാമല്ലോ, തീരശോഷണം വരുന്നത് കാരണം പൊതുവായി കടലിലുണ്ടാകുന്ന ആവാസവ്യവസ്ഥിതിക്ക് വന്നിരിക്കുന്ന മാറ്റം

ഇതെല്ലാം മൊത്തത്തിൽ നമ്മൾ പഠിച്ച് ശരിയായ പരിഹാരം കാണുന്നതിനുവേണ്ടിയുള്ള പരിശ്രമം ഗവൺമെന്റ് നടത്തുന്നുണ്ട്. ഗവൺമെന്റ് മത്സ്യത്തൊഴിലാളികളോടും തീരത്തോടും ഒപ്പമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഭവന നിർമ്മാണം ഒരു വലിയ പ്രശ്നമാണ്. കഴിഞ്ഞകാല ഗവൺമെന്റുകളുടെ കാലത്ത് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഭവനനിർമ്മാണ പദ്ധതി ഫിഷറീസ് വകുപ്പ് നടപ്പിലാക്കികൊണ്ടിരുന്നു. ഇപ്പോൾ ലൈഫ് പദ്ധതിയിൽ ലയിപ്പിച്ചശേഷം മത്സ്യത്തൊഴിലാളികൾക്ക് വീട് ലഭിക്കുന്നില്ലയെന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അവർക്ക് ലൈഫ് പദ്ധതിയിൽ മുൻഗണന നൽകാനുള്ള നടപടികൾ സ്വീകരിക്കുമോയെന്നാണ് എനിക്കറിയേണ്ടത്.

ശ്രീ. സജി ചെറിയാൻ: സർ, അങ്ങനെയൊരു പ്രശ്നം ഇപ്പോഴില്ല. ഏതാണ്ട് ഇരുപതിനായിരത്തോളം വീടുകൾ തീരദേശത്ത് അമ്പത് മീറ്ററിനുള്ളിൽ ചെയ്തുകൊണ്ടിരിക്കുകയാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഭൂമി കിട്ടാത്തതിന്റെ പ്രശ്നമാണ് അതിലുള്ളത്. 2500

കോടി രൂപ ഗവൺമെന്റ് അതിനുവേണ്ടി മാറ്റി വച്ചിട്ടുണ്ട്. ഇതുകൂടാതെതന്നെ അപേക്ഷിച്ചിരുന്ന മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും ഈ പരിധിക്കുള്ളിൽ വരാത്തവർക്ക് ലൈഫ് പദ്ധതി മുഖേന വീട് കൊടുക്കും. അങ്ങനെ ആയിരക്കണക്കിന് വീടുകൾ നിർമ്മിച്ച് ഇതിനോടകം കൊടുക്കുകയും ഈ ഗവൺമെന്റ് വന്നതിനുശേഷം അതിന്റെ താക്കോൽദാനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ഇനി ഏതെങ്കിലും ഒറ്റപ്പെട്ട കേസ് അങ്ങയുടെ മുമ്പിലുണ്ടെങ്കിൽ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് കൊടുക്കാവുന്നതാണ്, പരിഹാരം കാണുന്നതാണ്.